**മധുരമായ കുട്ടികളേ–ആത്മാവിൽ നിന്നും വികാരങ്ങളാകുന്ന അശുദ്ധി നീക്കം ചെയ്ത് ശുദ്ധമായ പൂക്കളായി മാറൂ. ബാബയുടെ ഓർമ്മയിലൂടെ തന്നെയാണ് മുഴുവൻ അശുദ്ധിയും നീങ്ങുന്നത്.**

**ചോദ്യം –** പവിത്രമായി മാറുന്ന കുട്ടികൾക്ക് ഏതൊരു കാര്യത്തിലാണ് ബാബയെ അനുകരിക്കേണ്ടത്?
**ഉത്തരം –**ബാബ പരമപവിത്രമാണ്. ബാബ ഒരിക്കലും അപവിത്രതയും അഴുക്കും ഉള്ളവരുമായി കൂട്ടു ചേരില്ല, വളരെ വളരെ പവിത്രമാണ്. ഇങ്ങനെ താങ്കൾ പവിത്രമായി മാറുന്ന കുട്ടികളും ബാബയെ അനുകരിക്കൂ, മോശമായത് കാണാതിരിക്കൂ.

**ഓം ശാന്തി –** ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ഇവിടെ രണ്ടുപേരും പിതാവാണ്. ഒന്ന് ആത്മീയ പിതാവും മറ്റേത് ഭൗതികപിതാവെന്നും പറയാം. ശരീരം രണ്ട് പേരുടെയും ഒന്നാണ്. രണ്ട് പിതാക്കന്മാരും മനസ്സിലാക്കിത്തരികയാണ്. ഒരാൾ മനസ്സിലാക്കിത്തരുന്നു, രണ്ടാമത്തെയാൾ മനസ്സിലാക്കുന്നു എന്നാലും പറയും രണ്ടുപേരും കൂടെ മനസ്സിലാക്കിത്തരികയാണ്. എത്രയോ ചെറിയ ആത്മാവിൽ എത്രയധികം അഴുക്കാണ് കയറിയിരിക്കുന്നത്. അഴുക്ക് കയറിയതിലൂടെ എത്രയോ നഷ്ടങ്ങളുണ്ടായി. ഈ ലാഭനഷ്ടത്തെ കാണാൻ സാധിക്കുന്നത് ശരീരം കൂടെയുണ്ടാകുമ്പോഴാണ്. നിങ്ങൾക്കറിയാം നമ്മൾ ആത്മാവ് എപ്പോൾ പവിത്രമായി മാറുന്നുവോ അപ്പോൾ ഈ ലക്ഷ്മീനാരായണനെപ്പോലെ പവിത്രമായ ശരീരം ലഭിക്കുന്നു. ഇപ്പോൾ ആത്മാവിൽ എത്ര അഴുക്കാണ് കൂടിയിരിക്കുന്നത്. തേൻ ശേഖരിക്കുമ്പോൾ അതിനെ അരിക്കാറുണ്ട്. എത്രത്തോളം അഴുക്ക് നീക്കം ചെയ്യുന്നുവോ അത്രയും തേൻ ശുദ്ധമാകും. ആത്മാവിൽ വളരെയധികം അഴുക്ക് നിറഞ്ഞിരിക്കുകയാണ്. ആത്മാവ് സ്വർണ്ണമായിരുന്നു, വളരെയധികം പവിത്രമായിരുന്നു. ശരീരം എത്ര സുന്ദരമായിരുന്നു. ഈ ലക്ഷ്മീനാരായണന്റെ ശരീരത്തെ നോക്കൂ എത്ര സുന്ദരമാണ്. മനുഷ്യർ ശരീരത്തിനെയല്ലേ പൂജിക്കുന്നത്. ആത്മാവിനെ നോക്കുന്നതേയില്ല. ആത്മാവിന്റെ തിരിച്ചറിവില്ല. ആദ്യം ആത്മാവ് വളരെ സുന്ദരമായിരുന്നു, ശരീരവും വളരെ സുന്ദരമായത് ലഭിച്ചിരുന്നു. നിങ്ങളും ഇപ്പോൾ ഇങ്ങനെയാകാൻ ആഗ്രഹിക്കുന്നുണ്ടോ. എങ്കിൽ ആത്മാവ് എത്ര ശുദ്ധമായിരിക്കണം. ആത്മാവിനെയാണ് തമോപ്രധാനമെന്ന് പറയുന്നത്. കാരണം ആത്മാവിൽ പൂർണ്ണമായും അഴുക്കാണ്. ഒന്ന് ദേഹാഭിമാനത്തിന്റെ അഴുക്ക് പിന്നെ കാമത്തിന്റേയും ക്രോധത്തിന്റേയും അഴുക്ക്. അഴുക്ക് നീക്കം ചെയ്യുന്നതിന് വേണ്ടി അരിച്ച് എടുക്കാറുണ്ട്. അരിക്കുന്നതിലൂടെ നിറം തന്നെ മാറും. നിങ്ങൾ നല്ലപോലെ ചിന്തിക്കുകയാണെങ്കിൽ അറിയാൻ സാധിക്കും വളരെയധികം അഴുക്ക് നിറഞ്ഞിട്ടുണ്ട്. ആത്മാവിൽ രാവണൻ പ്രവേശിച്ചിരിക്കുകയാണ്. ഇപ്പോൾ ബാബയെ ഓർമ്മിക്കുന്നതിലൂടെ മാത്രമാണ് അഴുക്കിനെ നീക്കം ചെയ്യാൻ സാധിക്കുന്നത്. ഇതിലാണ് സമയമെടുക്കുന്നത്. ബാബ മനസ്സിലാക്കിത്തരികയാണ് ദേഹാഭിമാനം ഉള്ളത് കാരണം വികാരങ്ങളുടെ എത്ര അഴുക്കാണ്. ക്രോധമാകുന്ന അഴുക്കും നിസ്സാരമല്ല. ക്രോധിയായ ഒരാൾ ഉള്ളിൽ എരിഞ്ഞുകൊണ്ടിരിക്കും. ഏതെങ്കിലും കാര്യത്തിൽ ഹൃദയം എരിഞ്ഞ് കൊണ്ടിരിക്കും. മുഖം ചെമ്പ് പോലെരിക്കും. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി നമ്മൾ ആത്മാവ് എരിഞ്ഞിരിക്കുന്നു. ആത്മാവിൽ എത്ര അഴുക്കാണ് – ഇപ്പോഴാണ് അറിഞ്ഞത്. ഈ കാര്യം മനസ്സിലാക്കുന്നവർ വളരെ കുറച്ചുപേരാണ്, ഇതിൽ ഫസ്റ്റ്ക്ളാസ്സ് പൂക്കൾ വേണം. ഇപ്പോൾ വളരെ കുറവുകളുണ്ട്. ഇപ്പോൾ നിങ്ങൾക്ക് എല്ലാ കുറവുകളേയും മാറ്റി പൂർണ്ണമായും പവിത്രമായി മാറേണ്ടതല്ലേ. ഈ ലക്ഷ്മീനാരായണൻ എത്ര പവിത്രമാണ്. വാസ്തവത്തിൽ അവരെ സ്പർശിക്കാനുള്ള അവകാശം പോലുമില്ല. പതിതർക്ക് ഇത്രയും ഉയർന്ന പവിത്രമായ ദേവതകളെ സ്പർശിക്കാൻ സാധിക്കില്ല. അതിനുള്ള യോഗ്യത പോലുമില്ല. ശിവനെ സ്പർശിക്കാൻ സാധിക്കില്ല. ബാബ നിരാകാരനാണ്. ബാബയെ കൈകൊണ്ട് സ്പർശിക്കാൻ സാധിക്കില്ല. ബാബ വളരെ പവിത്രമാണ്. ബാബയുടെ പ്രതിമകളെല്ലാം വളരെ വലുതാക്കി വെക്കാറുണ്ട്, കാരണം ഇത്രയും ചെറിയ ബിന്ദുവിനെ തൊടാൻ സാധിക്കില്ലല്ലോ. ആത്മാവ് ശരീരത്തിലേക്ക് പ്രവേശിക്കുമ്പോഴാണ് ശരീരം വലുതാകുന്നത്. ആത്മാവ് ചെറുതോ വലുതോ ആകുന്നില്ല. ഇത് അഴുക്ക് ലോകമാണ്. ആത്മാവിൽ എത്ര അഴുക്കാണുള്ളത്. ശിവബാബ വളരെ പവിത്രമാണ്. ഇവിടെ എല്ലാവരേയും ഒരുപോലെയാക്കി മാറ്റുന്നു. ഇവിടെ പരസ്പരം പറയും നിങ്ങളെന്താ മൃഗമാണോ. സത്യയുഗത്തിൽ ഇങ്ങനെയുള്ള ഭാഷകളൊന്നും തന്നെയില്ല. നിങ്ങൾക്ക് ഇപ്പോഴറിയാൻ സാധിച്ചു ആത്മാവായ നമ്മളിൽ വളരെയധികം അഴുക്ക് കയറിപ്പറ്റിയിരിക്കുകയാണ്. ആത്മാവിന് ബാബയെ ഓർമ്മിക്കാനുള്ള യോഗ്യത പോലുമില്ല. യോഗ്യത ഇല്ലായെന്ന് മനസ്സിലാക്കി മായയും അവരെ മാറ്റി നിർത്തുന്നു.

ബാബ എത്ര ശുദ്ധ–പവിത്രമാണ്. നമ്മൾ ആത്മാക്കളും എന്തിൽ നിന്ന് എന്തായി മാറുകയാണ്! ഇപ്പോൾ ബാബ മനസ്സിലാക്കിത്തരികയാണ് നിങ്ങളെന്നെ വിളിച്ചതാണ്, ആത്മാവിനെ ശുദ്ധമാക്കുന്നതിനുവേണ്ടി. വളരെ അഴുക്ക് നിറഞ്ഞിരിക്കുകയാണ്. പൂന്തോട്ടത്തിൽ എല്ലാവരും ഫസ്റ്റ്ക്ലാസ്സ് പൂക്കളായിരിക്കില്ല. സംഖ്യാക്രമമാണ്. ബാബ തോട്ടക്കാരനാണ്. ആത്മാവ് എത്ര പവിത്രമായി മാറിയാതാണ് പിന്നീട് എത്ര അഴുക്കായ മുള്ളായി മാറി. ആത്മാവിൽ ദേഹാഭിമാനത്തിന്റെ, കാമത്തിന്റെ, ക്രോധത്തിന്റെ അഴുക്ക് നിറഞ്ഞിരിക്കുകയാണ്. ക്രോധവും എത്രയാണ് മനുഷ്യരിൽ. നിങ്ങൾ പവിത്രമായി മാറിക്കഴിഞ്ഞാൽ ആരുടേയും മുഖം കാണാനുള്ള മനസ്സുണ്ടാകില്ല. മോശമായത് കാണരുത്. അപവിത്രതയെ നോക്കുകയെ വേണ്ട. ആത്മാവ് പവിത്രമായി മാറി, പവിത്രമായ പുതിയ ശരീരം എടുത്തുകഴിഞ്ഞാൽ പിന്നീട് അഴുക്കിനെ നോക്കേണ്ടതില്ല. അഴുക്കിന്റെ ലോകം തന്നെ അവസാനിക്കുകയാണ്. ബാബ മനസ്സിലാക്കിത്തരികയാണ് നിങ്ങൾ ദേഹാഭിമാനത്തിലേക്ക് വന്ന് എത്ര അഴുക്കുള്ളവരായി മാറിയിരിക്കുന്നു. പതിതരായി മാറി. കുട്ടികൾ വിളിക്കുന്നുമുണ്ട്–ബാബാ ഞങ്ങളിൽ ക്രോധത്തിന്റെ ഭൂതമാണ്, ബാബാ ഞങ്ങൾ അങ്ങയുടെ അടുക്കലേക്ക് വന്നിരിക്കുകയാണ്, പവിത്രമായി മാറാൻ. അറിയാം ബാബ സദാ പവിത്രമാണ്. ഇങ്ങനെയുള്ള ഉയർന്ന ശക്തിയെ സർവ്വവ്യാപിയെന്ന് പറഞ്ഞ് എത്ര അപകീർത്തിപ്പെടുത്തി. തന്റെമേലും വളരെ വെറുപ്പ് വരാറുണ്ട് – നമ്മൾ എന്തായിരുന്നു പിന്നീട് എന്തിൽ നിന്ന് എന്തായി മാറുകയാണ്. ഈ കാര്യം നിങ്ങൾ കുട്ടികളാണ് മനസ്സിലാക്കുന്നത്, മറ്റേത് സത്സംഗങ്ങളിലും അഥവാ യൂണിവേഴ്സിറ്റികളിലും എവിടെ പോയാലും ഇങ്ങനെയുള്ളൊരു ലക്ഷ്യം മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ആത്മാവിൽ എങ്ങിനെയാണ് അഴുക്ക് നിറഞ്ഞത്. രണ്ട് കല കുറഞ്ഞു പിന്നീട് നാലു കല കുറഞ്ഞു, അഴുക്ക് നിറയുകയാണ്. അതുകൊണ്ടാണ് പറയുന്നത് തമോപ്രധാനം. ചിലരിൽ ലോഭത്തിന്റെ, ചിലർ മോഹത്താൽ എരിഞ്ഞ് മരിക്കുകയാണ്, ഈ അവസ്ഥയിൽത്തന്നെ എരിഞ്ഞെരിഞ്ഞ് മരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ശിവബാബയുടെ ഓർമ്മയിൽ ശരീരം ഉപേക്ഷിക്കണം ശിവബാബ അങ്ങനെയാക്കി മാറ്റുകയാണ്. ഈ ലക്ഷ്മീനാരായണനേയും ഇങ്ങനെയാക്കി മാറ്റിയത് ബാബയല്ലേ. സ്വയത്തിൽ എത്ര ശ്രദ്ധ വെക്കണം. കൊടുങ്കാറ്റ് വളരെയധികം വരും. മായയുടെ കൊടുങ്കാറ്റാണ് വരുന്നത്, മറ്റ് കൊടുങ്കാറ്റൊന്നുമല്ല. ശാസ്ത്രങ്ങളിൽ ഹനുമാന്റെയെല്ലാം കഥകളെഴുതിയിട്ടുണ്ടല്ലോ. പറയാറില്ലേ ഭഗവാനാണ് ശാസ്ത്രങ്ങളുണ്ടാക്കുന്നത്. ഭഗവാൻ എല്ലാ വേദശാസ്ത്രങ്ങളുടേയും സാരമാണ് കേൾപ്പിക്കുന്നത്. ഭഗവാനാണ് സത്ഗതി ചെയ്യുന്നത്, ഭഗവാന് ശാസ്ത്രം ഉണ്ടാക്കേണ്ട ആവശ്യമെന്താണ്. ഇപ്പോൾ ബാബ പറയുകയാണ് മോശമായത് കാണരുത്. ഈ ശാസ്ത്രങ്ങളിലൂടെയൊന്നും നിങ്ങൾ ഉയർന്നതായി മാറാൻ സാധിക്കില്ല. ഞാൻ ഇതിൽ നിന്നെല്ലാം വേറെയാണ്. ആരും തിരിച്ചറിയുന്നില്ല. ബാബ എന്താണ്, ആർക്കും തന്നെ അറിയുന്നില്ല. ബാബക്കറിയാം ആരാരെല്ലാം എന്റെ സേവനം ചെയ്യുന്നുണ്ട് അതായത് മംഗളകാരിയായി മാറി മറ്റുള്ളവരുടേയും മംഗളം ചെയ്യുന്നുണ്ട്, അവർക്കാണ് ഹൃദയത്തിൽ സ്ഥാനമുള്ളത്. ചിലർ ഇങ്ങനേയുമുണ്ട് സേവനത്തെക്കുറിച്ച് അറിയുക പോലുമില്ല. നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം ലഭിച്ചിരിക്കുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ആത്മാവാണ് ശുദ്ധമായി മാറുന്നത്, എന്നാലും ഈ ശരീരം ഇപ്പോഴും പതിതമല്ലേ. ആരുടെ ആത്മാവാണോ ശുദ്ധമാകുന്നത് അവരുടെ കർത്തവ്യത്തിൽ രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമുണ്ടായിരിക്കും. പെരുമാറ്റത്തിലൂടെയും അറിയാൻ കഴിയും. ആരുടേയും പേര് എടുത്തുപറയുന്നില്ല  അഥവാ പേരെടുത്തുപറഞ്ഞാൽ കുറച്ച്കൂടി മോശമാകരുതല്ലോ.

ഇപ്പോൾ നിങ്ങൾക്ക് വ്യത്യാസം കാണാൻ സാധിക്കും– നിങ്ങൾ എന്തായിരുന്നു, എന്തായി മാറണം! ശ്രീമത്തിലൂടെ നടക്കണം. ഉള്ളിൽ നിറഞ്ഞിട്ടുള്ള അഴുക്കിനെ നീക്കം ചെയ്യണം. ലൗകിക സംബന്ധത്തിലും ചില ചില വളരെ മോശമായ കുട്ടികളുണ്ടാകുമ്പോൾ അവർ മൂലം അച്ഛന് വളരെ പ്രയാസം അനുഭവിക്കേണ്ടിവരും, പറയാറില്ലേ ഇങ്ങനെയുള്ള മകൻ ഇല്ലാതിരിക്കുന്നതായിരുന്നു നല്ലത്. പൂക്കളുടെ പൂന്തോട്ടത്തിൽ സുഗന്ധമുണ്ട്, പക്ഷേ ഡ്രാമയനുസരിച്ച് അഴുക്കുമുണ്ട്. എരിക്കിൻ പൂക്കളെ നോക്കാൻ പോലും തോന്നുകയില്ല. പക്ഷേ പൂന്തോട്ടത്തിൽ പോകുമ്പോൾ കാഴ്ച എല്ലാവരിലും പതിയുമല്ലോ. ആത്മാവാണ് പറയുന്നത് ഇവർ ഈ പൂവാണ്. സുഗന്ധവും നല്ല പൂക്കളിൽ നിന്നാണ് എടുക്കുക. ബാബയും നോക്കുകയാണ് ആത്മാവ് എത്രത്തോളം ഓർമ്മയാകുന്ന യാത്രയിലിരിക്കുന്നു, എത്ര പവിത്രമായി മാറുന്നു മറ്റുള്ളവരേയും തനിക്കുസമാനമാക്കി മാറ്റുന്നു ജ്ഞാനം കേൾപ്പിക്കുന്നു! പ്രധാനപ്പെട്ട കാര്യം തന്നെയാണ് മൻമനാഭവ. ബാബ പറയുകയാണ് എന്നെ ഓർമ്മിച്ച് പവിത്രമായ പൂക്കളായി മാറൂ. ഈ ലക്ഷ്മീനാരായണൻ എത്ര പവിത്ര പുഷ്പമായിരുന്നു. ഇവരേക്കാളും ശിവബാബ വളരെ പവിത്രമാണ്. മനുഷ്യർക്ക് ഇത് പോലും അറിയുന്നില്ല ലക്ഷ്മീനാരായണനെ ശിവബാബയാണ് ഇങ്ങനെയാക്കി മാറ്റിയത്. നിങ്ങൾക്കറിയാം ഈ പുരുഷാർത്ഥത്തിലൂടെയാണ് ഇങ്ങനെയായി മാറിയത്. രാമൻ കുറഞ്ഞ പുരുഷാർതഥം ചെയ്തിട്ടാണ് ചന്ദ്രവംശിയായി മാറിയത്. ബാബ വളരെയധികം മനസ്സിലാക്കിത്തരുന്നുണ്ട്. ഒന്ന് ഓർമ്മയാകുന്ന

യാത്രയിലിരിക്കണം, ഇതിലൂടെ അഴുക്കില്ലാതാകും, ആത്മാവ് പവിത്രമായി മാറും. നിങ്ങളുടെയടുക്കൽ മ്യൂസിയങ്ങളെല്ലാം കാണാൻ ധാരാളം പേർ വരും. കുട്ടികൾക്ക് സേവനം ചെയ്യാൻ വളരെയധികം താൽപര്യമുണ്ടായിരിക്കണം. സേവ ഉപേക്ഷിച്ച് ഒരിക്കലും ഉറങ്ങരുത്. സേവനത്തിൽ വളരെ കൃത്യതയുണ്ടായിരിക്കണം. ചിത്രപ്രദർശിനികളിൽ നിങ്ങൾ വിശ്രമത്തിന്റെ സമയത്തെ ഉപേക്ഷിക്കണം. തൊണ്ട ക്ഷീണിച്ചാലും, ഭോജനമെല്ലാം കഴിച്ചും രാത്രിയും പകലും സേവനത്തിനായി കുതിക്കണം. ആര് വന്നാലും അവർക്ക് വഴി പറഞ്ഞു കൊടുക്കൂ. ഭോജനത്തിന്റെ സമയത്ത് ആരെങ്കിലും വന്നാൽ പോലും ആദ്യം അവരെ ശ്രദ്ധിക്കണം പിന്നീട് ഭോജനം കഴിക്കണം. ഇങ്ങനെ സേവ ചെയ്യുന്നവരാകണം. ചിലർക്ക് വളരെ ദേഹാഭിമാനം വരാറുണ്ട്, വിശ്രമപ്രിയരായ നവാബുമാരുമുണ്ട്. ബാബക്ക് സൂചന നൽകേണ്ടിവരികയാണ്. ഈ നവാബ് ചമയൽ ഉപേക്ഷിക്കൂ. പിന്നീട് ബാബ സാക്ഷാത്കാരം ചെയ്യിപ്പിക്കും – തന്റെ പദവി നോക്കൂ. ദേഹാഭിമാനമാകുന്ന കോടാലി സ്വയം തന്റെ കാലിൽ തന്നെ എറിഞ്ഞു. വളരെയധികം കുട്ടികൾ ബാബയോടുപോലും മത്സരം കാണിക്കാറുണ്ട്. ഹേയ്, ഇത് ശിവബാബയുടെ രഥമല്ലേ, ഇദ്ദേഹത്തെ സംരക്ഷിക്കേണ്ടതുണ്ട്. ചിലർ വളരെയധികം മരുന്നുകൾ ധാരാളം കഴിക്കുന്നു, ഡോക്ടറിൽനിന്നും ചികിത്സ തേടിക്കൊണ്ടിരിക്കുന്നു. ബാബ പറയുകയാണ് ശരീരത്തെ ആരോഗ്യമുള്ളതാക്കിവെക്കണം. പക്ഷേ തന്റെ അവസ്ഥയേയും നോക്കേണ്ടതല്ലേ. നിങ്ങൾ ബാബയുടെ ഓർമ്മയിലിരുന്ന് കഴിക്കൂ എങ്കിൽ ഒരു വസ്തുക്കൾ കൊണ്ടും യാതൊരു ഉപദ്രവവും ഉണ്ടാകില്ല. ഓർമ്മയിലൂടെ ശക്തി നിറയും. ഭോജനം വളരെ ശുദ്ധമുള്ളതാകും. പക്ഷേ ആ അവസ്ഥയില്ല. ബാബ പറയുകയാണ് ബ്രാഹ്മണർ ഉണ്ടാക്കുന്ന ഭോജനം ഉത്തമത്തിലും ഉത്തമമാണ്. പക്ഷേ അതെപ്പോഴാണ്, ഓർമ്മയിലിരുന്ന് ഉണ്ടാക്കുമ്പോൾ. ഓർമ്മയിലിരുന്ന് ഉണ്ടാക്കുമ്പോൾ അത് അവർക്കും പ്രയോജനം, കഴിക്കുന്നവർക്കും പ്രയോജനകരം.

എരിക്കിൻപൂക്കൾ വളരെയധികമുണ്ട്. ഇവർ പാവങ്ങൾ എന്ത് പദവി നേടും. ബാബക്ക് ദയ തോന്നുകയാണ്. ദാസദാസിമാരാവുക എന്നതും ഡ്രാമയിൽ അടങ്ങിയതാണ്. ഇതിൽ തൃപ്തരാകരുത്. ചിന്തിക്കുകപോലും ചെയ്യുന്നില്ല – ഞങ്ങൾക്കും ഇങ്ങനെയായി മാറണം. ദാസദാസിയായി മാറുന്നതിനേക്കാളും ധനികരായി മാറുന്നതാണ് നല്ലത്. ബാബ പറയുകയാണ് നിരന്തരമായി എന്നെ മാത്രം ഒരാളെ ഓർമ്മിക്കൂ, സ്മരിച്ച് സ്മരിച്ച് സുഖം നേടൂ. ഭക്തരാണ് സ്മരണ മാല ഉണ്ടാക്കുന്നത്. അത് ഭക്തരുടെ ജോലിയാണ്. ബാബ കേവലം പറയുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ബാബയെ ഓർമ്മിക്കൂ മതി. ബാക്കി ഒന്നും ജപിക്കേണ്ട. മാല ജപിക്കേണ്ട. ബാബയെ അറിയുക, ബാബയെ ഓർമ്മിക്കുക. വായിലൂടെ ബാബാ ബാബാ എന്നുപോലും പറയേണ്ട ആവശ്യമില്ല. നിങ്ങൾക്കറിയാം ബാബ നമുക്ക് ആത്മാക്കൾക്ക് പരിധിയില്ലാത്ത പിതാവാണ്, ബാബയെ ഓർമ്മിക്കുന്നതിലൂടെ നമ്മൾ സതോപ്രധാനമായി മാറി അതായത് ആത്മാവ് സ്വർണ്ണമായി മാറും. എത്ര സഹജമാണ്. പക്ഷേ യുദ്ധമൈതാനമല്ലേ. നിങ്ങൾക്ക് മായയോടാണ് യുദ്ധം. മായ ഇടക്കിടെ നിങ്ങളുടെ ബുദ്ധിയോഗത്തെ മറപ്പിക്കും. എത്രത്തോളം വിനാശത്തിന്റെ കാലത്ത് പ്രീതബുദ്ധിയുണ്ടോ അത്രത്തോളം പദവിയുണ്ടാകും. ഒരു ബാബയെയല്ലാതെ മറ്റൊന്നും ഓർമ്മിക്കരുത്. കഴിഞ്ഞ കൽപത്തിനുമുമ്പും ഇങ്ങനെ തയ്യാറായതാണ് വിജയമാലയിലെ മുത്തുകളായിരുന്നവർ. നിങ്ങൾ ബ്രാഹ്മണകുലത്തിലുള്ളവരാണ്, ബ്രാഹ്മണരുടെയാണ് രുൺഡ് മാലയുണ്ടാകുന്നത്, ആരാണോ വളരെയധികം പരിശ്രമിക്കുന്നത്. അവരുടെ ജ്ഞാനവും ഗുപ്തമല്ലേ. ബാബക്ക് ഓരോ കാര്യവും വളരെ നല്ലരീതിയിൽ അറിയാം. ആരാണോ നല്ല നല്ല നമ്പർ വൺ മഹാരഥിയെന്ന് മനസ്സിലാക്കിയിരുന്നത്, അവർ ഇന്നില്ല. ദേഹാഭിമാനം വളരെ കൂടുതലാണ്. ബാബയുടെ ഓർമ്മയിലിരിക്കാൻ സാധിക്കുന്നില്ല. മായ വളരെ ശക്തിയോടെ പ്രഹരിക്കുകയാണ്. വളരെ കുറച്ചുപേരുടെ മാത്രമാണ് മാലയുണ്ടാക്കാൻ സാധിക്കുക. ബാബ വീണ്ടും കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്–സ്വയത്തെ നോക്കൂ നമ്മൾ എത്ര പവിത്ര ദേവതകളായിരുന്നു. നമ്മൾ എന്തിൽനിന്ന് എന്തായി മാറി, എത്ര അഴുക്കുള്ളവരായി മാറി. ഇപ്പോൾ ശിവബാബയെ ലഭിച്ചിരിക്കുകയാണ്. അതിനാൽ ബാബയുടെ ശ്രീമതം അനുസരിച്ച് നടക്കേണ്ടതല്ലേ. ഏത് ദേഹധാരികളേയും ഓർമ്മിക്കരുത്. ആരുടേയും ഓർമ്മ വരരുത്. ആരുടേയും ചിത്രവും വെക്കരുത്. ഒരു ശിവബാബയുടെ ഓർമ്മയിലിരിക്കണം. ശിവബാബക്ക് ശരീരം പോലുമില്ല. താൽക്കാലികമായി ലോൺ എടുക്കുകയാണ്. നിങ്ങളെ ദേവീദേവത ലക്ഷ്മീനാരായണനെപ്പോലെ ആക്കിത്തീർക്കുന്നതിനുവേണ്ടി എത്ര പരിശ്രമം ചെയ്യുന്നു. ബാബ പറയുകയാണ് നിങ്ങൾ എന്നെ പതിതമായ ലോകത്തിലേക്കാണ് വിളിച്ചത്. നിങ്ങളെ പാവനമാക്കി മാറ്റുന്നു. പിന്നീട് പാവനമായ ലോകത്തിലേക്ക് എന്നെ വിളിക്കുന്നേയില്ലല്ലോ. അവിടെ വന്നിട്ട് എന്തു ചെയ്യാനാണ്. ബാബയുടെ സേവനം തന്നെ പാവനമാക്കി മാറ്റാനുള്ളതാണ്. ബാബക്കറിയാം പൂർണ്ണമായും എരിഞ്ഞ് കറുത്ത കരിക്കട്ട പോലെയായി. ബാബ വന്നിരിക്കുകയാണ് നിങ്ങളെ വെളുത്തതാക്കി മാറ്റാൻ. ശരി,

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ

ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1) സേവനത്തിൽ വളരെ കൃത്യതയുണ്ടായിരിക്കണം. രാത്രിയും പകലും സേവനത്തിനായി കുതിക്കണം. സേവനത്തെ ഉപേക്ഷിച്ച് ഒരിക്കലും വിശ്രമിക്കരുത്. ബാബയെപ്പോലെ മംഗളകാരിയായി മാറണം.

2) ഒന്നിന്റെ ഓർമ്മയിലൂടെ പ്രീതബുദ്ധിയുള്ളവരായി മാറി ഉള്ളിലുള്ള അഴുക്കിനെ നീക്കം ചെയ്യണം. സുഗന്ധമുള്ള പൂക്കളായി മാറണം. ഈ അഴുക്ക് നിറഞ്ഞ ലോകത്തിൽ മനസ്സ് വെക്കരുത്.

## വരദാനം – മനോ-ബുദ്ധിയിലൂടെ ശ്രേഷ്ഠ സ്ഥിതിയാകുന്ന ആസനത്തിൽ സ്ഥിതി ചെയ്യുന്ന തപസ്വി മൂർത്തിയായി ഭവിയ്ക്കട്ടെ.

തപസ്വി സദാ ഏതെങ്കിലും ആസനത്തിൽ ഇരുന്ന് തപസ്യ ചെയ്യുന്നു. താങ്കൾ തപസ്വി ആത്മാക്കളുടെ ആസനമാണ്, ഏകരസ സ്ഥിതി, ഫരിസ്ത സ്ഥിതി.... ഈ ശ്രേഷ്ഠ സ്ഥിതികളിൽ സ്ഥിതി ചെയ്യുക അർത്ഥം ആസനത്തിൽ ഇരിക്കുകയാണ്. സ്ഥൂലമായ ആസനത്തിൽ സ്ഥൂല ശരീരമാണ് ഇരിക്കുന്നത്. എന്നാൽ താങ്കൾ ഈ ശ്രേഷ്ഠ ആസനത്തിൽ മനസ്സിനെയും ബുദ്ധിയെയും ഇരുത്തുന്നു. മറ്റു തപസ്വികൾ ഒറ്റ കാലിൽ നിൽക്കുന്നു, എന്നാൽ താങ്കൾ ഏകരസ സ്ഥിതിയിൽ ഏകാഗ്രമാകുന്നു. അവരുടെത് ഹഠയോഗം, താങ്കളുടേത് സഹജയോഗം.

## സ്ലോഗൻ – സ്നേഹസാഗരനായ ബാബയുടെ കുട്ടി പ്രേമത്താൽ നിറഞ്ഞ ഗംഗയായി മാറൂ.